**File No.TCPCTP/3011/2019-D3**

**<u>മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യനഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം-സാങ്കേതിക വിഭാഗം - തിരുവനന്തപുരം ജില്ല - മലയിൻകീഴ് ഗ്രാമപഞ്ചായത്ത് - മലയിൻകീഴ് വില്ലേജ് -പെട്രോൾ പമ്പ് നിർമ്മാണം ലേ ഔട്ട് - അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1) മലയിൻകീഴ് ഗ്രോമപഞ്ചായത്ത് സെക്രട്ടറിയുടെ 14/11/19 -ലെA**3/8709/18** നമ്പർ കത്ത്
2) തിരുവനന്തപുരം ടൗൺ പ്ലാനറുടെ **03/12/19, 10/12/19** തിയതികളിലെ TCPTVM/1708/19-D നമ്പർ കത്തുകൾ.

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

**ഉത്തരവ് നമ്പർ. TCPCTP/3011/2019-D3** **തീയതി: 19/12/2019**

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മലയിൻകീഴ് വില്ലേജിൽ റീസർവ്വേ നമ്പർ **287/11-2, 287/11-3-2** -ൽ ഉൾപ്പെട്ട മൊത്തം **12.14** ആർ വസ്തുവിൽ നിന്നും 202 ച.മീ(5cent) സ്ഥലം ഒഴിവാക്കി ശേഷിക്കുന്ന 1012 ച.മീ സ്ഥലത്ത് സെയിൽസ് ബിൽഡിംഗ് (39 ച.മീ), കനോപ്പി (143.50 ച.മീ) ഉൾപ്പെടെ 182.50 ച.മീ വിസ്തീർണ്ണമുള്ള പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. Hajinsha. എച്ച്.എ, ശാന്തിനഗർ, ഊരുട്ടമ്പലം -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ- 2011 -നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേഔട്ടിനും , സ്ഥലത്തിന്റെ ഉപയോഗത്തിനും കൺകറൻസ് നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപ്പൻസി നൽകുവാൻ പാട്ടുള്ളൂ.
2. കെ.പി.ബി.ആർ- 2011 -ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, റീസർവേ നമ്പർ , അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 2011 -നും അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
6. കെ.പി.ബി.ആർ ചട്ടം 61(5),61(6) പ്രകാരം വേണ്ട പൊല്യൂഷൻ കൺട്രോൾബോർഡ്, ഫയർഫോഴ്സ് എന്നീ വകുപ്പുകളിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കേണ്ടതാണ്.
7. ചട്ടം **12** അനുസരിച്ച് **earth cutting** -ന് ബന്ധപ്പെട്ട അതോറിറ്റിയുടെ അംഗീകാരം ആവശ്യമാണ്.
8. ചട്ടം 61 (9) പ്രകാരമുള്ള ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതായും 61(10) -ൽ പ്രതിപാദിച്ചിട്ടുള്ള ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.
9. ചട്ടം 61(16), ചട്ടം 61(17) അനുസരിച്ചുള്ള ദ്രവമാലിന്യ സംസ്കരണ സംവിധാനം , മലിനജല ശുദ്ധീകരണ സംവിധാനം എന്നിവ ഏർപ്പെടുത്തേണ്ടതാണ്.
10. പ്രസ്തുത സൈറ്റിലെ **retaining wall** -ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട **Structural stability** സുരക്ഷിതത്വം തുടങ്ങിയവ ഉറപ്പാക്കേണ്ടതാണ്.
11. ചട്ടം 61(8) പ്രകാരമുള്ള ശുചീകരണ സൗകര്യങ്ങൾ ഈ നിർമ്മാണത്തിൽ നൽകേണ്ടതാണ്.
12. ചട്ടം 61(3) പ്രകാരമുള്ള സെറ്റ് ബാക്കം നൽകേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

*അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 164/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരു സെറ്റ് പ്ലാൻ

**ജയശ്രീ.പി.ആർ**
**നഗരാസൂത്രക**

സെക്രട്ടറി, മലയിൻകീഴ് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.

പകർപ്പ് : 1) ശ്രീ. Hajinsha. എച്ച്.എ,
എം.എം ഹൗസ്, ശാന്തിനഗർ, മാറനല്ലൂർ, ഊരുട്ടമ്പലം,
കുവളശ്ശേരി (പി.ഒ), തിരുവനന്തപുരം.
2) ടൗൺ പ്ലാനർ, തിരുവനന്തപുരം.
3) വെബ്സൈറ്റ്
4) കരുതൽ ഫയൽ
5) അധികം